# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നം.3923 — 24.08.2017-ൽ മറുപടിയ്ക്ക്

**അന്യം നിന്നുകൊണ്ടിരിക്കുന്ന കലകളെ പോഷിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡി.കെ.മുരളി | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അന്യം നിന്നു കൊണ്ടിരിക്കുന്ന കലകൾ ഏതൊക്കെയെന്നും അവയെ നിലനിർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദീകരിക്കുമോ; | (എ) നാട്യം, സംഗീതം, നൃത്തം, ചിത്രകല, നാടൻകല, കലാ രൂപങ്ങൾ എന്നിവയിൽ ഉൾപ്പെട്ടതും ശാസ്ത്രീയവും അല്ലാത്തതുമായ നിരവധി കലാരൂപങ്ങൾ നമ്മുടെ നാട്ടിലുണ്ട്. ഈ കലാരൂപങ്ങളെയും അത്തരം കലാരൂപങ്ങളുടെ പ്രയോക്താക്കളെയും സംരക്ഷിക്കുന്നതിനും ആ കലാരൂപങ്ങളുടെ പ്രകാശനത്തിനും സാധ്യമായ നിരവധി നടപടികൾ സാംസ്കാരിക വകുപ്പിന് കീഴിലുള്ള വിവിധ അക്കാദമികൾ നിർവ്വഹിക്കുന്നുണ്ട്. അന്യം നിന്നുപോകുന്ന കലകളെ പുനരാവിഷ്കരിക്കാനും, ഡോക്യുമെന്റ് ചെയ്യാനും വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇവയുടെ മ്യൂസിയങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. കൂടാതെ അന്യം നിന്നുകൊണ്ടിരിക്കുന്നതുൾപ്പെടെയുള്ള കലകളെ പരിപോഷിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമായി യുവകലാകാരന്മാർക്ക് വജ്ര ജൂബിലി ഫെലോഷിപ്പ് എന്ന പേരിൽ ഒരു പുതിയ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത യോഗ്യത നേടിയ 1000 യുവ കലാകാരന്മാരെ തെരഞ്ഞെടുത്ത് അവർക്ക് പ്രതിമാസം 10,000/-രൂപ വീതം ഫെലോഷിപ്പ് നൽകുന്നു. ടി പദ്ധതി പ്രകാരം ഫെലോഷിപ്പ് കലാകാരന്മാരെ വിദ്യാലയങ്ങളിലും സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള കമ്മ്യൂണിറ്റി കേന്ദ്രങ്ങളിലും വിന്യസിച്ച് സ്കൂൾ തലങ്ങളിലുള്ള കുട്ടികൾക്ക് തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ പരിശീലനം നൽകുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന യുവജനോത്സവങ്ങളിൽ ഗോത്ര കലകൾ ഉൾപ്പെടുത്തുവാൻ വേണ്ടിയും സർക്കാർ ശ്രമിക്കുന്നുണ്ട്. |

കേരള ഫോക്‌ലോർ അക്കാദമി നാടൻ കലാകാരന്മാർക്ക് പുരസ്കാരങ്ങൾ, ഫെലോഷിപ്പുകൾ, ചികിത്സാസഹായം, കലാപഠനത്തിലേർപ്പെടുന്ന കുട്ടികൾക്ക് സ്റ്റൈപ്പന്റ് എന്നിവ നൽകി വരുന്നു. കൂടാതെ വിനോദസഞ്ചാര വകുപ്പിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന 'ഉത്സവം' പരിപാടി, ക്ലബ്ബുകളുടെ പരിപാടികൾ, നാടൻകലോത്സവങ്ങൾ തുടങ്ങിയവയിൽ നാടൻകലകളെ അവതരിപ്പിക്കാനുള്ള വേദികൾ നൽകി വരുന്നു. ഫോക്‌ലോർ അക്കാദമി അവരുടെ തനത് ഫണ്ടിൽ നിന്നും നാടൻകലാകാരന്മാർക്ക് ചികിത്സാസഹായമായി 25,000/-രൂപ നൽകി വരുന്നുണ്ട്. കൂടാതെ സർക്കാർ സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ മുഖാന്തിരം നാടൻ കലാകാരന്മാർ ഉൾപ്പെടെയുള്ള കലാകാരന്മാർക്ക് 25,000/-രൂപ മുതൽ പരമാവധി 1,00,000/- രൂപ വരെ ചികിത്സാ ധനസഹായം നൽകുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഈ വിഭാഗത്തിലെ കലാകാരന്മാരെ സംരക്ഷിക്കുന്നതിനായി പെൻഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) & (സി | കല, സാഹിത്യം, സംഗീതം, നാടൻ കലകൾ തുടങ്ങിയ വിവിധ വിഭാഗങ്ങളിലെ കലാകാരന്മാർക്ക് സാംസ്കാരികവകുപ്പദ്ധ്യക്ഷൻ മുഖാന്തിരം 1500/-രൂപ നിരക്കിൽ കലാകാര പെൻഷൻ നൽകി വരുന്നുണ്ട്. കൂടാതെ നാടൻ കലാകാരന്മാർ ഉൾപ്പെടെയുള്ള കലാകാരന്മാർക്ക് കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് മുഖാന്തിരം 2000/-രൂപ നിരക്കിൽ നൽകി വന്നിരുന്ന പെൻഷൻ 16.08.2017 മുതൽ 3000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ പ്രസ്തുത പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ